പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 7035

13.07.12ൽ മറുപടിയ്ക്ക്

## ഇക്കോ ടൂറിസം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പാലോട് രവി<br>ശ്രീ.എം.പി.വിൻസെന്റ്<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.വി.റ്റി.ബൽറാം | ശ്രീ.എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) ഇക്കോ ടൂറിസം പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് എന്തെല്ലാം കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ; | (എ) വനം വകുപ്പിന്റെ കീഴിലുള്ള വന സംരക്ഷണ സമിതി (VSS), ഇക്കോ ഡവലപ്പ്മെന്റ് കമ്മിറ്റി (EDC) കളിലൂടെയാണ് ഇക്കോ ടൂറിസം പദ്ധതി നടപ്പാക്കി വരുന്നത്. ഇക്കോ ടൂറിസം പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി വനമേഖലയിലെ VSS/EDC അംഗങ്ങൾക്ക് ആവശ്യമായ പരിശീലനവും തുടർ പരിശീലന പരിപാടികളും സംഘടിപ്പിക്കുകയും ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസി ഇവരുടെ പ്രവർത്തനങ്ങൾ നിരീക്ഷണ വിധേയമാക്കി എല്ലാവിധ സഹായങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും നൽകി വരികയും ചെയ്യുന്നു. |
| (ബി) നിലവിൽ ഏതൊക്കെ തോട്ടങ്ങളിലും വനമേഖല കളിലുമാണ് പ്രസ്തുത പദ്ധതി നടപ്പാക്കിവരുന്നത്; | (ബി) കല്ലാർ, പൊൻമുടി, മങ്കയം, നെയ്യാർ, പേപ്പാറ, തെൻമല, പാലരുവി, ശെന്തുരുണി, കോന്നി, ചെല്ലാർകോവിൽ, തേക്കടി, ഇരവികുളം, ചിന്നാർ, തൊമ്മൻകുത്ത്, മറയൂർ, പാണേലിപ്പോര്, ചിമ്മിണി, ആതിരപ്പിള്ളി, വാഴച്ചാൽ, മുത്തങ്ങ, ചേമ്പ്ര, സൂചിപ്പാറ, മീൻമുട്ടി, തിരുനെല്ലി, കുറുവ, പറമ്പികുളം, |

അനങ്ങൻമല, നെടുങ്കയം, തുഷാരഗിരി, ജാനകിക്കാട്, പൈതൽമല, ആറളം, തുടങ്ങിയ വനമേഖലകളിൽ വനം വകുപ്പിന്റെ നേതൃത്വത്തിലും ഗവി, മൂന്നാർ, കൊച്ചുപമ്പ, അരിപ്പ, കമ്പമല തുടങ്ങിയ മേഖലകളിൽ KFDC യുടെ നേതൃത്വത്തിലും ഇക്കോ ടൂറിസം പ്രവർത്തനം നടത്തിവരുന്നു.

| | |
|---|---|
| (സി) കൂടുതൽ സ്ഥലങ്ങളിലേക്ക് ഇത് വ്യാപിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | (സി) കൂടുതൽ സ്ഥലങ്ങളിലേക്ക് ഇക്കോടൂറിസം പദ്ധതി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി പൊൻമുടി, ചെല്ലാർകോവിൽ, അരിപ്പ, എന്നീ പദ്ധതികളുടെ രണ്ടാം ഘട്ടം പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ